വിതരണം ചെയ്ത വായ്പ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്. 1-4-2009-ന് മുൻപ് വിദ്യാഭ്യാസ വായ്പ എടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വായ്പ യഥാസമയം ലഭിക്കാത്തതിനാൽ മനംനൊന്ത് ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തിട്ടുണ്ട്. എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കടമാളൂർ, പുലിഞ്ഞുവട് ബ്രാഞ്ചിൽ നിന്നും യഥാസമയം വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതിനാൽ നഴ്സിംഗ് വിദ്യാർത്ഥിനിയായിരുന്ന ശ്രുതി എന്നറിയപ്പെടുന്ന ആതിര, 20 വയസ്, D/o ശ്രീകാന്ത്, ഗോപിക വീട്, കടമാളൂർ ആണ് ആത്മഹത്യ ചെയ്തത്. ഇതിന് കോട്ടയം ജില്ലയിൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം.440/2012 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കടമാളൂർ, പുലിഞ്ഞുവട് ബ്രാഞ്ചിന്റെ മാനേജർ ആയിരുന്ന ഹരികൃഷ്ണൻ, ക്രെഡിറ്റ് മാനേജർ ആയിരുന്ന ജേബിൻസൺ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ഇരുവർക്കും ജാമ്യം നൽകിയിട്ടുള്ളതുമാണ്. കേസ് ഇപ്പോൾ പെൻഡിങ് ട്രയൽ ആണ്.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി, സഹകരണ വകുപ്പ് എന്നിവയുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതിവിഹിതം

3454 <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉല്പാദനമേഖല സേവനമേഖല പശ്ചാത്തലമേഖല എന്നിവയ്ക്ക് യഥാക്രമം എത്ര തുക വീതവും, എത്ര ശതമാനം വീതവും ആയിരുന്നു ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നു; ഇത് ഉല്പാദന മേഖല, സേവന മേഖല, പശ്ചാത്തല മേഖല തിരിച്ച് ആകെ തുകയും ശതമാനക്കണക്കും ലഭ്യമാക്കുമോ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയാണ്; ഇതിൽ ഉല്പാദന മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, സേവന മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, പശ്ചാത്തല മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം അനുവദിച്ചുവെന്നും നാളിതുവരെ ഓരോ മേഖലയിലും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)

തുക ലക്ഷം രൂപയിൽ

വിശദാംശം	പൊതു വിഭാഗം	എസ്.സി.പി	ടി.എസ്.പി	ആകെ പദ്ധതി വിഹിതം
ബഡ്ജറ്റ് അലോക്കേഷൻ	77194.31	31310.34	4375.56	112880.21
ക്യാരി ഓവർ	17282.64	16060.45	1795.52	35138.61
ആകെ ലഭ്യമായ തുക	94476.95	47370.79	6171.08	148018.82

(ബി)

തുക ലക്ഷം രൂപയിൽ

മേഖല	ചെലവ്	ചെലവ് ശതമാനം
ഉല്പാദന മേഖല	16786.74	64.55
സേവന മേഖല	31389.54	59.84
പശ്ചാത്തല മേഖല	15813 .26	76.52

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

തുക ലക്ഷം രൂപയിൽ

വിശദാംശം	പൊതു വിഭാഗം	എസ്.സി.പി.	ടി.എസ്.പി.	ആകെ
ബഡ്ജറ്റ് വിഹിതം	99560.19	34107.6	5862.89	139530.68
ക്യാരി ഓവർ	18620.51	21105.92	2187.1	41913.53
ആകെ ലഭ്യമായ തുക	118180.7	55213.52	8049.99	181444.21

കുറിപ്പ്:- പൊതു വിഭാഗം ഫണ്ടിൽ 13-ാം ധനകാര്യ കമ്മിഷൻ അവാർഡ്, ലോകബാങ്ക് സഹായം, സ്പെഷ്യൽ ഗ്രാന്റ്, റോഡ് പുനരുദ്ധാരണത്തിനുള്ള അധികവിഹിതം തുടങ്ങിയ സ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള വിവരങ്ങൾ — തുക ലക്ഷം രൂപയിൽ

മേഖല	പൊതു വിഭാഗം	എസ്.സി.പി	ടി.എസ്.പി	ആകെ	ശതമാനം
ഉല്പാദന മേഖല	23616.03	4597.97	498.68	28712.69	15.82
സേവന മേഖല	28620.19	35491.46	5597.76	69709.41	38.42
പശ്ചാത്തല മേഖല	28583.00	10352.51	868.47	39803.99	21.94
മേഖലാ വിഭജനത്തിന് പുറമേ	37317.61	4813.51	1085.08	43216.20	23.82

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2012-13- ലെ ബഡ്ജറ്റ് വിഹിതം

തുക ലക്ഷം രൂപയിൽ

സ്രോതസ്സ്	തുക
സാധാരണ വിഹിതം	66336.86
13-ാം ധനകാര്യ കമ്മിഷൻ അവാർഡ്	41492.11
ലോക ബാങ്ക് സഹായം	24730.02
പ്രത്യേക ഗ്രാന്റ്	13330
എസ്.സി.പി.	38200.48
ടി.എസ്.പി.	6566.49
ആകെ	178655.96

മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുക

തുക ലക്ഷം രൂപയിൽ

മേഖല	വകയിരുത്തിയ തുക	ശതമാനം
ഉല്പാദന മേഖല	23719.94	13.28
സേവന മേഖല	123111.93	68.91
പശ്ചാത്തല മേഖല	68250.18	38.20

ഓരോ മേഖലയിലും ചെലവഴിച്ച തുക

തുക ലക്ഷത്തിൽ

മേഖല	വികസനഫണ്ട് ചെലവ്
ഉല്പാദന മേഖല	13577.78
സേവന മേഖല	85777.47
പശ്ചാത്തല മേഖല	38275.99
ആകെ	137631.24

LIBRARY ARCHIVES Kerala Legislative Assembly